(സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിലുള്ള ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (ബി.പി.ആർ. ആന്റ് ഡി.)-ന്റെ ശുപാർശകൾ ഇക്കാര്യത്തിൽ തേടിയിരുന്നു.

(ഡി) പ്രസ്തുത ഏജൻസി ഇതുസംബന്ധമായി അയച്ച കത്ത് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഇ) യൂണിഫോം പരിഷ്കരണ റിപ്പോർട്ട് വിശദമായി പരിശോധിച്ച ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

കെ.ടി.ഡി.സി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

24 (*504) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. ടി. ഡി. സി. യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) മുടങ്ങിക്കിടന്ന ടൂറിസം പദ്ധതികൾ പുനരാരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ടൂറിസം രംഗത്ത് പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) കെ. ടി. ഡി. സി. യെ നഷ്ടത്തിൽ നിന്നും കരകയറ്റാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) 1. കെ.ടി.ഡി.സി.യുടെ കീഴിലുള്ള എല്ലാ യൂണിറ്റുകളും ലാഭ കേന്ദ്രമാക്കി മാറ്റുന്നതിനായി എല്ലാ യൂണിറ്റുകളും ഹെഡ് ഓഫീസുമായി മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗിൽ ഏർപ്പെട്ടു.

2. മുടങ്ങിക്കിടന്ന അറ്റകുറ്റപ്പണികൾ നടത്തി എല്ലാ യൂണിറ്റിലെയും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

3. വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും തുടർച്ചയായി നഷ്ടത്തിൽ മാത്രം പ്രവർത്തിച്ചിരുന്നതുമായ ബിയർ പാർലർ യൂണിറ്റുകൾ അടച്ചുപൂട്ടി ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന സ്ഥലങ്ങളിലോട്ടു മാറ്റി.

4. മോശപ്പെട്ട സൗകര്യങ്ങളോടെ പ്രവർത്തിച്ചിരുന്ന യാത്രി നിവാസുകളിൽ പുനരുദ്ധാരണ പ്രവർത്തനം നടത്തി മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തി ടാമറിന്റ് ബ്രാൻഡിൽ പ്രവർത്തനം ആരംഭിച്ചു.

5. പുതിയ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കാൻ വാർഷിക ബജറ്റിലൂടെ കെ.ടി.ഡി.സി.യ്ക്ക് ധനസഹായം നൽകി.

6. പുതിയ യൂണിറ്റുകൾ തുടങ്ങി, പ്രധാനപ്പെട്ട ഹോട്ടലുകളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തി.

7. ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്കായി സ്വന്തമായി പരിശീലനകേന്ദ്രം ആരംഭിച്ചു.

8. കൃത്യമായ ഇടവേളകളിൽ പ്രവർത്തന അവലോകന യോഗങ്ങൾ ചേർന്ന് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(ബി) വളരെക്കാലമായി മുടങ്ങിക്കിടന്ന മെറീന പദ്ധതി, ചെന്നൈ ഹോട്ടൽ പദ്ധതി എന്നിവ പുനരാരംഭിക്കുകയും മെറീന പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട എക്സിക്യൂട്ടിംഗ് ഏജൻസികൾ, ഡി.റ്റി.പി.സി. സെക്രട്ടറിമാർ, വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ച് ഓരോന്നായി അവലോകനം ചെയ്യുകയും പദ്ധതി പുനരാരംഭിക്കുന്നതിനുള്ള തടസ്സം നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി) ഉണ്ട്.

(ഡി) ടൂറിസം രംഗത്ത് പുതുതായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. കെ.ടി.ഡി.സി.യുടെ കീഴിൽ ബേക്കൽ ബീച്ചിൽ ഒരു റിസോർട്ട്, കോഴിക്കോട് നഗരത്തിൽ ഒരു പ്രീമിയം ഹോട്ടൽ, മുഴപ്പിലങ്ങാട് ബീച്ചിൽ ഒരു റിസോർട്ട് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങി കഴിഞ്ഞു.

2. ടൂറിസം വകുപ്പിന്റെ കീഴിൽ 36 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ, മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി, ഗ്രീൻ ഫാം ടൂറിസം പദ്ധതി, ലെറ്റ്സ് ലേൺ ട്രെയിനിംഗ് പ്രോഗ്രാം, പാതിരാമണൽ ബയോ പാർക്ക് വികസനം, സപര്യ പദ്ധതി, തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി, മൂന്നാർ ടൗൺഷിപ്പ്, ആലപ്പുഴയിലും വയനാടും മെഗാ ടൂറിസം പ്രോജക്ടുകൾ, ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്ന പദ്ധതികൾക്ക് എം.പി./എം.എൽ.എ ഫണ്ടുകൾക്കനുസൃതമായ ധനസഹായം, ടൂറിസ്റ്റുകളുടെ വരവ് സംബന്ധിച്ച് ഇ-സബ്മിഷൻ, ഓൺലൈൻ

LIBRARY ARCHIVES Kerala Legislative Assembly

ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ, സി ഫോമുകളുടെ സബ്മിഷൻ ഓൺലൈനായി നൽകൽ, ഓൺലൈൻ റൂം റിസർവേഷൻ, കേരളം കാണാം പദ്ധതി, രാജധാനി എക്സ്പ്രസ് ബ്രാൻഡിംഗ്, പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം എന്നിവയും പുതിയതായി തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുന്നു.

3. ടി.ആർ.കെ.എൽ-ന്റെ കീഴിൽ പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതികളായ വേളി മെഗാടൂറിസം പദ്ധതി, വർക്കല ടൂറിസം പദ്ധതി എന്നിവ ഉൾപ്പെടുന്നു.

4. ബി.ആർ.ഡി.സി.യുടെ കീഴിൽ ബേക്കലിൽ ഒരു എയർസ്ട്രിപ്പ് ആരംഭിക്കുന്നതിനുള്ള പ്രാരംഭനടപടിയും സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്

(എഫ്) ഉണ്ട്. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കെ.ടി.ഡി.സി.യെ കഴിഞ്ഞ നാലു വർഷങ്ങളിലും ലാഭത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2006-07, 2007-08, 2008-09, 2009-10 എന്നീ വർഷങ്ങളിൽ യഥാക്രമം 60.43 ലക്ഷം, 46.36 ലക്ഷം, 45.68 ലക്ഷം, 26.67 ലക്ഷം രൂപയുടെ അറ്റാദായം ഉണ്ടായി.

സമഗ്ര തീരദേശ വികസന പദ്ധതി

25(*505) ശ്രീ. യു. സി. രാമൻ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര തീരദേശ വികസന പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; ഇത് ഏത് ഏജൻസി വഴിയാണ് നടപ്പാക്കുന്നത് ;

(ബി) ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പാക്കികഴിഞ്ഞിട്ടുണ്ട് ; ആ ജില്ലകളിൽ പുതുതായി ഉണ്ടാക്കിയ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ ; എന്തു തുക അതിനായി ചെലവഴിച്ചു ;

(സി) ഇനി ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കാനുള്ളതെന്നും, അതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നതു സംബന്ധിച്ചും വെളിപ്പെടുത്തുമോ ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) തീരദേശ മേഖലയുടെ അടിസ്ഥാന, സാമൂഹിക, സാമ്പത്തിക വികസനമുൾപ്പെടെ സമഗ്രമായ ഒരു വികസന പരിപാടിയാണ് സമഗ്ര തീരദേശ വികസന പദ്ധതി. കുടിവെള്ളവിതരണം, ആരോഗ്യം എന്നീ മേഖലകൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് കുടിവെള്ള പദ്ധതികൾ, ആരോഗ്യ കേന്ദ്രങ്ങൾ, മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ, സ്കൂളുകൾ, അംഗൻവാടികൾ, മത്സ്യവിജ്ഞാന കേന്ദ്രങ്ങൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഗൈഡ്ലൈറ്റു

LIBRARY ARCHIVES Kerala Legislative Assembly